# വക്കം മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവി (1873-1932)

## കെ.എം.ബഷീർ

മത സാമൂഹ്യ പരിഷ് ക്കർത്താവ് , ബഹുഭാഷാപണ്ഡിതൻ, എഴുത്തുകാരൻ, ആദർശശാലിയായ പത്രപ്രവർത്തകൻ, അധൃഷ്യനായ ഒരു പ്രതിഭാശാലി എന്നീ നിലകളിൽ പ്രസിദ്ധനായ വക്കം മൗലവി എന്നറിയപ്പെടുന്ന മുഹമ്മദ് അബ്ദുൽ ഖാദിർ 1873 ഡിസംബർ 28 ന ചിയിൻകീഴ് താലൂക്കിലെ വക്കത്തു പൂന്ത്രാൻ വിളാകം എന്ന ധനിക കുടുംബത്തിൽ ജനിച്ചു. ഭൂസ്വത്തിലും വാണിജ്യ വ്യാപാര പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പിതാവ് വിജ്ഞാന സമ്പാദനത്തിൽ തല്പരനും സ്വഭാവമഹിമ കൊണ്ടു ആദരണീയനുമായിരുന്നു. തമിഴ് നാട്, മലബാർ, ശ്രീലങ്ക തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വരുത്തിയ പണ്ഡിതന്മാർ മുഹമ്മദ് അബ്ദുൽ ഖാദറിനെ യുവപ്രായത്തിൽ തന്നെ വിവിധ ഭാഷകൾ അഭ്യസിപ്പിക്കുകയും ഗഹനങ്ങളും അമൂല്യങ്ങളുമായ ഗ്രന്ഥങ്ങളുമായി പരിചയപ്പെടുത്തുകയും ചെയ്തു. അറബ്, പേർഷ്യൻ, ഉർദ്ദു, മലയാളം, തമിഴ് എന്നീ ഭാഷകളിൽ അസാമാന്യമായ കഴിവും, സംസ്കൃതം, ഇംഗ്ലീഷ് ഭാഷകളിൽ സാമാന്യ പരിജ്ഞാനവും അദ്ദേഹം സമ്പാദിച്ചു. നിരന്തര പ്രയത്നവും, കഠിനാദ്ധ്യാനവും കൊണ്ട് മതപരവും സാംസ്കാരികവുമായ വിഷയങ്ങളിൽ പ്രത്യേകിച്ചു ഇസ്ലാമിക വിജ്ഞാനങ്ങളിൽ അവഗാഹം നേടാനും അദ്ദേഹത്തിന് കഴിഞ്ഞു.

വക്കം മൗലവിയുടെ പൊതു പ്രവർത്തനത്തിന്റെ നല്ലൊരു ഭാഗം പത്രപ്രവർത്തനം ആയിരുന്നു. ജനങ്ങളെ ഉൽബുദ്ധരാക്കാതെ സമൂഹത്തിന്റെ യാതൊരു ഉയർച്ചയും സാദ്ധ്യമല്ലെന്നു വിശ്വസിച്ച അദ്ദേഹം തന്റെ ആശയ പ്രചാരണത്തിനു സ്വീകരിച്ച ഉപാധി പത്രപ്രവർത്തനമായിരുന്നു. വെറും 32 വയസ്സ് മാത്രം പ്രായമുള്ള വക്കം മൗലവി 'സ്വദേശാഭിമാനി' എന്ന പേരിൽ ഒരു വർത്തമാന പത്രം 1905 ൽ പ്രസിദ്ധീകരിച്ചു. അതിനുപുറമേ അദ്ദേഹം മൂന്ന് പത്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവ 'മുസ്ലിം' (1906), 'അൽ ഇസ്ലാം' (1918), 'ദീപിക' (1930) എന്നിവയായിരുന്നു.

'സ്വദേശാഭിമാനി' പത്രം കേരളത്തിലെ പത്രപ്രവർത്തന ചരിത്രത്തിന്റെ ഏറ്റവും ഉജ്ജ്വലമായ ഒരു ഘട്ടമായിരുന്നു. 'സ്വദേശാഭിമാനി' ശ്രീ. കെ. രാമകൃഷ്ണപിള്ള തുടങ്ങിയ പത്രമാണെന്നും അദ്ദേഹം അതിന്റെ ആദ്യത്തെ പത്രാധിപരാണെന്നുമാണ് ഇന്നും പലരും ധരിച്ചിരിക്കുന്നത്. ഈ ധാരണ ശരിയല്ല. വക്കം മൗലവിയായിരുന്നു സ്വദേശാഭിമാനിയുടെ ഉടമസ്ഥനും സ്ഥാപകനും. മൗലവിയുടെ ആശയങ്ങളും ആദർശങ്ങളും കാഴ്ചപ്പാടും രൂപം കൊടുത്തതാണ് സ്വദേശാഭിമാനി പത്രം. ചിറയിൻകീഴ് സി.പി.ഗോവിന്ദപിള്ളയായിരുന്നു 'സ്വദേശാഭിമാനി' പത്രത്തിന്റെ ആദ്യത്തെ പത്രാധിപർ. അദ്ദേഹം പത്രാധിപർ ചുമതല ഒരു വർഷക്കാലമേ വഹിച്ചിരുന്നുള്ളൂ. 1906 ൽ ശ്രീ.കെ.രാമകൃഷ്ണപിള്ള 'സ്വദേശാഭിമാനി' പത്രാധിപരായി. രാജ്യഭരണവിഷയങ്ങൾക്കും രാഷ്ട്രീയ കാര്യങ്ങൾക്കുമായിരുന്നു 'സ്വദേശാഭിമാനി' എല്ലാറ്റിലും ഉപരി പ്രാധാന്യം കൊടുത്തിരുന്നത്. സമുദായ കാര്യങ്ങളും, ഗ്രന്ഥവിമർശനവും, വിജ്ഞാനപ്രദങ്ങളായ മറ്റു വിഷയങ്ങളും അത് കൈകാര്യം ചെയ്തിരുന്നു. നിരവധി മുഖപ്രസംഗങ്ങൾ വഴി രാമകൃഷ്ണപിള്ള രാജാവിന്റെയും ദിവാൻജിയുടെയും രാജസേവകന്മാരുടെയും തെറ്റുകളും കുറ്റങ്ങളും നിശിതമായി വിമർശിച്ചു. 1910 സെപ്റ്റംബർ 26 ന് ഒരു രാജകീയ വിളംബരം മൂലം സ്വദേശാഭിമാനി പത്രം നിരോധിച്ചു. പ്രസ്സും അതിന്റെ എല്ലാ ഉപകരണങ്ങളും കണ്ടു കെട്ടി. പത്രാധിപർ കെ.രാമകൃഷ്ണപിള്ളയെ അറസ്റ്റ് ചെയ്തു തിരുവിതാംകൂറിൽ നിന്നും നാടുകടത്തി. വക്കം മൗലവിയുടെയും കെ.രാമകൃഷ്ണപിള്ളയുടെയും സ്വദേശാഭിമാനിയുടെയും ചരിത്രം കേരളത്തിലെ പത്രപ്രവർത്തനത്തിന്റെ അമൂല്യമായ ഒരേടാണ്. ജനങ്ങൾക്ക് ക്ഷേമമുണ്ടാകണമെന്നായിരുന്നു വക്കം മൗലവിയുടെ ഉദ്ദേശ്യം. ജനക്ഷേമം, അതായിരുന്നു പൗരാവകാശവും ജനസംസ്കാരവും. വക്കം മൗലവിയുടെ സിദ്ധാന്തങ്ങളിൽ രാജത്വം, രാജഭക്തി, രാജാവിന്റെ ദൈവികാവകാശങ്ങൾ എന്നിവക്കൊന്നും സ്ഥാനമില്ലായിരുന്നു. 'സ്വദേശാഭിമാനി'യെ സംബന്ധിച്ചു വക്കം മൗലവിയുടെയും രാമകൃഷ്ണപിള്ളയുടെയും അഭിപ്രായങ്ങളും നയങ്ങളും ഒന്നു തന്നെയായിരുന്നു.

'മുസ്ലിം' മാസികയിൽ മതപരിഷ്കരണം ലക്ഷ്യമാക്കി മൗലവി പ്രൗഢങ്ങളായ ലേഖനങ്ങൾ എഴുതി. ഇസ്ലാമിന്റെ അടിസ്ഥാന സിദ്ധാന്തമായ തൗഹീദിനും (ഏക ദൈവ വിശ്വാസം) അതിലധിഷ്ഠിതമായ വിശ്വാസാനുഷ്ഠാനങ്ങൾക്കും വിരുദ്ധമായി മുസ്ലിം കളിൽ പ്രചരിച്ചിരുന്ന അനാചാരങ്ങളെ അദ്ദേഹം ശക്തിയായി ഉറന്നെതിർത്തു. വിശുദ്ധ ഖുർആനും നബിചര്യകളും മാർഗ്ഗ ദർശകങ്ങളാക്കുവാനും ആധുനിക ലോകത്തെ അഭിമുഖീകരിക്കുവാനുള്ള ചിന്താശക്തിയും മാനസിക വിശാലതയും സമ്പാദിക്കുവാനും അദ്ദേഹം മുസ്ലിംകളെ ആഹ്വാനം ചെയ്തു.

മലയാള ഭാഷ മനസ്സിലാക്കാൻ കഴിയാതിരുന്ന മുസ്ലിം ജനസാമാന്യത്തിലേക്കു തന്റെ

ആശയങ്ങളെത്തിക്കുവാനാണ് അവർക്കു ഏറ്റവും പരിചിതമായ അറബി-മലയാളത്തിൽ വക്കം മൗലവി 'അൽ ഇസ്‌ലാം' തുടങ്ങിയത്. മുസലിംകളുടെ മതപരവും ലൗകികവുമായ ഉന്നതി മത നവീകരണത്തിലൂടെ മാത്രമേ സാദ്ധ്യമാകൂ എന്ന് അവരെ അനുസ്മരിപ്പികുകയും മതത്തെ അതിന്റെ പരിശുദ്ധ നിലയിൽ നിഷ്ഠയോടെ അനുഷ്ഠിക്കുവാനും കാലോചിതമായ വിദ്യാഭ്യാസം സമുദായത്തിൽ മുഴുവൻ പ്രചരിപ്പിക്കുവാനും ആവർത്തിച്ചാവർത്തിച്ചു ഉൽബോധിപ്പിക്കുകയും ചെയ്തു.

ജീവിത സായാഹ്നത്തിലാണു മൗലവി 'ദീപിക' എന്ന മാസിക തുടങ്ങിയത്. മതം സമുദായം, വിദ്യാഭ്യാസം, സന്മാർഗ്ഗം, സാഹിത്യം, ശാസ്ത്രം, ചരിത്രം തുടങ്ങിയവയായിരുന്നു 'ദീപിക' പ്രതിപാദ്യ വിഷയങ്ങൾ. അതിനു പുറമെ പരിശുദ്ധ ഖുർആന്റെ ഒരു ഭാഗം മൗലവി വ്യാഖ്യാനസഹിതം പരിഭാഷപ്പെടുത്തി ഇതിൽ പ്രസിദ്ധികരിച്ചിരുന്നു.

വക്കം മൗലവിയുടെ ഗ്രന്ഥരചനകളിൽ സ്വതന്ത്രകൃതികളും പരിഭാഷകളും ഉൾപ്പെടുന്നു. 'ഇസ്‌ലാം മതസിദ്ധാന്ത സംഗ്രഹം' മൗലവി രചിച്ച ഒരു സ്വതന്ത്രകൃതിയാണ്. വലിപ്പത്തിൽ ചെറുതെങ്കിലും മഹത്തായ ഉള്ളടക്കത്തോട് കൂടിയ ഈ കൃതി ഇസ്‌ലാം മത സംഹിതകളുടെ അനന്യസാധാരണമായ ഒരു സംഗ്രഹമാണ്. മുസ്‌ലിം മതപണ്ഡിതന്മാരെ മുഖ്യമായും ഉദ്ദേശിച്ചു കൊണ്ടാണ് 'ഔഉ-സ്സബാഹ്' (പുലർ വെളിച്ചം) രചിച്ചത്. 'അഹ്ക്കാമുത്തജ് വീദ്' അറബി മലയാള ഭാഷയിൽ രചിച്ച ഒരു ഗ്രന്ഥമാണ്. ഇതിനു പുറമേ ഇമാം അൽ ഗസ്സാലിയുടെ കീമിയ - യെ സ ആദാ (The Alchemy of Happiness) എന്ന പേർഷ്യൻ ഗ്രന്ഥവും സയ്യദ് സുലൈമാൻ നദ് വിയുടെ 'അഹല്യ സ്സുന്നത്തു വൽ ജമാഅത്ത്' എന്നാ ഉർദു കൃതിയും അറബി മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധികരിച്ചു.

പ്രസിദ്ധികരണങ്ങൾക്കു പുറമേ സംഘടനാ രൂപികരണം, പ്രഭാഷണങ്ങൾ, പ്രസംഗങ്ങൾ തുടങ്ങിയ വഴി തന്റെ പ്രവർത്തനം വിപുലപ്പെടുത്തി ശക്തമാക്കാനുള്ള ശ്രമങ്ങളിലും അദ്ദേഹം എർപെട്ടു. സ്വന്തം നേതൃത്വത്തിൽ അദ്ദേഹം മത സാമൂഹ്യ സംഘടനകൾ രൂപികരിക്കുകയും കേരളത്തിന്റെ പലഭാഗത്തുള്ള പ്രമുഖവ്യക്തികളുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെട്ടു മറ്റനവധി സംരംഭങ്ങൾക്കു പ്രോത്സാഹനം കൊടുക്കുകയും ചെയ്തു. വക്കം മൗലവി മുൻകൈ എടുത്തു രൂപം കൊടുത്ത 'ചിറയിൻകീഴ് താലൂക്ക് മുസ്ലിം സമാജവും അദ്ദേഹം നൽകിയ പ്രചോദനത്താൽ സ്ഥാപിതമായ ആലപ്പുഴയിലെ 'ലജ്നത്തുൽ മുഹമ്മദിയ്യാ' യും മുമ്പത്തെ കൊച്ചി സംസ്ഥാനത്തിലെ കേരള മുസ്‌ലിം ഐക്യ സംഘവും കേരള മുസ്‌ലിം കളുടെ പുരോഗതിക്ക് കാര്യമായ സംഭാവനകൾ ചെയ്തവ എന്ന നിലയിൽ പ്രധാന്യമർഹിക്കുന്നു. തിരുവിതാംകൂർ മുസ്‌ലിംകളെ ഒരു പൊതു സംഘടനയുടെ കീഴിൽ കൊണ്ടു വരുന്നതിനു 'തിരുവിതാംകൂർ മുസ്‌ലിം മഹാജന സഭ' എന്നാ പേരിൽ ഒരു സംഘടനയക്കു രൂപം നൽകുവാൻ അദ്ദേഹം നേതൃത്വം നൽകി.

സാക്ഷരതയിൽ വളരെ പിന്നോക്കം നിന്നിരുന്ന മുസ്‌ലിംകളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു വക്കം മൗലവി നടത്തിയ അവിശ്രാന്ത പരിശ്രമങ്ങളുടെ ഫലമാണ് പിൽക്കാലത്ത് കേരള മുസ്‌ലിംകൾക്ക് കൈവന്ന നേട്ടങ്ങൾ. സ്ത്രീവിദ്യാഭ്യാസം അനിവാര്യമായ ആവശ്യമാണെന്നു അദ്ദേഹം മുസ്‌ലിം സമുദായത്തെ ബോദ്ധ്യപ്പെടുത്തി. മുസ്‌ലിംകൾ തിങ്ങിപാർത്തിരുന്ന സ്ഥലങ്ങളിൽ സർക്കാർ സഹായത്തോടെ സ്കൂളുകൾ ആരംഭിച്ചതും തിരുവിതാംകൂറിലെ സർക്കാർ വിദ്യാലയങ്ങളിൽ ആദ്യമായി അറബി ഭാഷാ പഠനം നടപ്പാക്കിയതും അദ്ദേഹം തന്നെയായിരുന്നു. ഇതോടു കൂടി സർക്കാർ സർവ്വീസിൽ മുസ്ലിം വിദ്യാഭ്യാസ ഇൻസ് പെക്ടർമാരും ഖുർആൻ അദ്ധ്യാപകരും അറബ് മുൻഷിമാരും നിയമിതരായി.

തന്റെ സ്വത്തിന്റെ ഭൂരിഭാഗവും പൊതുപ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചു ഋണബാധിതനായി തീർന്ന ഘട്ടത്തിൽ 1932 ഒക്ടോബർ 31ന് വക്കം മൗലവി അന്തരിച്ചു.

ലേഘനം തയ്യാറാക്കാൻ ഉപയോഗിച്ച ഗ്രന്ഥങ്ങൾ, പ്രസിദ്ധികരണങ്ങൾ


(1) 'സ്വദേശാഭിമാനി '

(2) 'മുസ്‌ലിം ' മാസിക

(3) 'അൽ - ഇസ്‌ലാം' മാസിക

(4) ദീപിക

(5) വക്കം മൗലവിയുടെ തിരഞ്ഞെടുത്ത കൃതികൾ
(S . മുഹമ്മദ് അബ്ദാ എഡിറ്റ് ചെയ്തത്, വക്കം മൗലവി പബ്ലിക്കേഷൻസ്, വക്കം 1970 )

(6) വക്കം മൗലവി ; പ്രബന്ധങ്ങൾ, സ്മരണകൾ
സംമ്പാദകൻ : ഹാജി എം.മുഹമ്മദ് കണ്ണ്
പ്രസാധകർ : അറഫാ പബ്ലിക്കേഷൻസ് തിരുവനന്തപുരം 1985


അധിക വായനക്കുള്ള ഗ്രന്ഥങ്ങൾ


1. 'വക്കം മൗലവി' by ഹാജി എം.മുഹമ്മദ് കണ്ണ്
2. വക്കം മൗലവിയും നവോത്ഥാന നായകന്മാരും' by ഹാജി എം.മുഹമ്മദ് കണ്ണ്
3. ഇസ്‌ലാമും കേരളത്തിലെ സാമൂഹ്യപരിവർത്തന പ്രസ്ഥാനങ്ങളും by ഡോ. ഇ. കെ. അഹമ്മദ് കുട്ടി.
4. കഥ തുടരുന്നു - സാഹിതീസാദനം സി കെ.ശ്രീനിവാസൻ എഡിറ്റ് ചെയ്തത്
5. 'സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനം രാജവാഴ്ചയുടെ ദ്രിഷ്ട്ടിയിൽ ' by പുതുപ്പള്ളി രാഘവൻ